# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 423
# 29.01.2019 ലെ മറുപടിക്ക്

## എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട്

| ചോദ്യം<br>ശ്രീ. ടി. വി. ഇബ്രാഹിം | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ.യുടെ മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാത്ത സ്കൂൾ, ആശുപത്രി എന്നിവയ്ക്ക് പഴയതോ പുതിയതോ ആയ കെട്ടിടം വാങ്ങുന്നതിന് വ്യവസ്ഥയുണ്ടോ എന്നറിയിക്കാമോ; | സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള ദീർഘകാലം നിലനിൽക്കുന്ന ആസ്തികൾ സൃഷ്ടിക്കുന്നതിനായാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി (LAC ADS) ആരംഭിച്ചത്. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാണ് അനുമതി നൽകി വരുന്നത്. പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം കെട്ടിടങ്ങൾ വാങ്ങുന്നതിനായി ഫണ്ട് വിനിയോഗിക്കാൻ അനുമതിയില്ല. |
| (ബി) | ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബാധകമല്ല. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇത്തരത്തിൽ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്കൂൾ, ആശുപത്രി, മറ്റേതെങ്കിലും സർക്കാർ സ്ഥാപനം തുടങ്ങിയവയ്ക്ക് പഴയതോ പുതിയതോ ആയ കെട്ടിടം വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ? | ധനകാര്യ വകുപ്പിൽ നിന്ന് അനുമതി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ